⇨ *ന്യായമായി ഒറ്റവാദമാണ് അമൃതപക്ഷം ഉന്നയിച്ചുകൊണ്ടിരുന്നത്, ചാരിറ്റി* ⇨

## ചാരിറ്റിയുടെ ചതികൾ:
### ചർച്ച തുടരുന്നു

# അമ്മ: കേരളം വിളയിച്ചെടുത്ത തിന്മ

വലിയ വരാലിനെപ്പിടിക്കാൻ കൂടയിലുള്ള ചെറിയ പരൽമീനിനെ കോർത്തിടുന്ന പണിയുടെ പേരല്ല ചാരിറ്റി. ആ ന്യായം വിശ്വസിക്കാൻ 'അമ്മ' തൊട്ട പച്ചവെള്ളം പഞ്ചാമൃതമായ കഥ വിശ്വസിക്കുന്ന ഭക്തരെ മാത്രമേ കിട്ടൂ. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മറവിൽ ആശ്രമത്തിന്റെ നേർക്കുണ്ടായ ആരോപണങ്ങളെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന അമൃതാനന്ദമയി മഠം വിമർശിക്കപ്പെടുന്നു.

**ശ്രീചിത്രൻ. എം.ജെ**

"ആറാം ദിവസം ദൈവം മണ്ണാൽ സൃഷ്ടിച്ചു മർത്യനെ, ഏഴാം ദിവസം മർത്യൻ കല്ലാൽ ദൈവത്തെയും തഥാ" എന്ന് നമ്മോടു വർഷങ്ങൾക്കു മുമ്പേ പറഞ്ഞത് കുഞ്ഞുണ്ണിമാഷാണ്. എന്നാൽ മാഷ് കാണാതെ പോയ വേറൊരു സംഭവം ആറാം ദിവസം വൈകുന്നേരം തന്നെ ഉണ്ടായിരുന്നു, ആറാം ദിവസമുണ്ടായ മനുഷ്യൻ അന്നുതന്നെ മനുഷ്യരിൽ ചിലർ ദൈവമാണെന്നും കരുതിത്തുടങ്ങിയിരിക്കണം.

ഈ കുഞ്ഞുണ്ണിക്കവിതയുടെ അധികപാഠം അതിന്റെ ഏറ്റവും ഭീഷണമായ മുഖം പുറത്തെടുത്ത സംസ്ഥാനത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഭരണകൂടം മുതൽ മാദ്ധ്യമലോകം വരെയുള്ള സകല മണ്ഡലങ്ങളെയും ഗ്രസിക്കുന്ന സാന്നിദ്ധ്യമാണിന്ന് മാതാ അമൃതാനന്ദമയി. ജനങ്ങൾ തിരഞ്ഞെടുത്ത സർക്കാർ മുതൽ പ്രതിപക്ഷനേതാവുവരെ 'അമ്മ'യെ സംരക്ഷിക്കാനായി രംഗത്തെത്തുന്ന കാഴ്ച്ചയാണ് കഴിഞ്ഞദിവസങ്ങളിൽ നാം കണ്ടത്. ഇന്നലെവരെ സർവ്വമതസമഭാവനാവാദിയായിരുന്ന അമ്മയും ശിഷ്യരും പെട്ടെന്ന് 'ഹിന്ദു'ക്കളായി പരിണമിക്കുകയും, 'ഹിന്ദുവിനെ തൊടരുത്' എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നതും നമ്മൾ കണ്ടു. എല്ലാ അസംബന്ധങ്ങൾക്കും തിരികേ ന്യായമായി ഒറ്റവാദമാണ് അമൃതപക്ഷം ഉന്നയിച്ചുകൊണ്ടിരുന്നത്, ചാരിറ്റി. ആതുരസേവനത്തിൽ ഭരണകൂടത്തെപ്പോലും കവച്ചുവെക്കുന്ന സാന്ത്വനശക്തിയായി അമ്മ മാറുന്നത് എടുത്തുദാഹരിച്ചാൽ മറ്റെല്ലാ എതിർവാദങ്ങളുടെയും മുനയൊടിക്കാം എന്നാണ് അമൃതപക്ഷത്തിന്റെ വിശ്വാസം.

"അമ്മേ, അമ്മക്ക് അമ്മയുടെ സ്ഥാപനങ്ങളിൽ നടക്കുന്നതടക്കമുള്ള എല്ലാ കാര്യങ്ങളും അറിയാമോ?"

"അമ്മ എല്ലാമറിയുന്നു. അമ്മ അറിയാതെ ഒന്നും സംഭവിക്കുന്നില്ല. എന്നാൽ അമ്മ ഒന്നും ചെയ്യുന്നുമില്ല."

"അമ്മയുടെ ആശുപത്രികളടക്കമുള്ള ബിസ്നസുകളുടെ മൊത്തം ആസ്തിയെത്രയാണ് ?"

"അതൊന്നും അമ്മയ്ക്കറിയില്ല!"

ഏതാനും വർഷങ്ങൾക്കു മുൻപ് അമൃതാനന്ദമയിയുടെ ഒരഭിമുഖത്തിൽ കണ്ട ചോദ്യോത്തരങ്ങൾ ഓർമ്മയിൽ നിന്നെടുത്തെഴുതിയതാണിത്. അനവധി കാലം മാദ്ധ്യമങ്ങളും മലയാളിയും ചോദിക്കാതെപോയ ഈ ചോദ്യങ്ങളും ഉത്തരങ്ങളും ഇന്ന് ആയിരം നാവുകൾ ഒന്നിച്ചുനിന്ന് ചോദിക്കുകയാണ്. അമ്മയും അമ്മയുടെ മഠവും 'മുനികളുടെ മൗനം' ദീക്ഷിച്ചതുകൊ



ആലപ്പാട് പഞ്ചായത്തിൽ കായംകുളം കായലിന് കുറുകെ അമൃതാനന്ദമയി മഠം നിർമ്മിച്ച പാലം

ണ്ട് ഈ ചോദ്യങ്ങൾ വായുവിൽ ലയിച്ചുപോവില്ല. ചോദിക്കുന്നവർക്കെതിരെ അടങ്കൽകേസെടുത്തതുകൊണ്ടും ചോദ്യം മാഞ്ഞുപോവില്ല. കാരണം, ചോദ്യം മൂലധനത്തെപ്പറ്റിയാണ്. അമൃതാനന്ദപുരി മുതൽ വിദേശരാജ്യങ്ങളിൽ വരെ അമ്മയുടെ സന്തതസഹചാരിണിയായിരുന്ന ഒരു വിദേശവനിത ആശ്രമം വിട്ടുപോയി വർഷങ്ങൾക്കുശേഷം എഴുതിയ പുസ്തകത്തിനെ മുൻനിർത്തി ആരംഭിച്ച സോഷ്യൽമീഡിയയിലെ സംവാദം, പുസ്തകത്തിന്റെ ശരിതെറ്റുചർച്ചകളെ കടന്ന് അമൃതാനന്ദമയിയെന്ന ബിംബകൽപ്പനയുടെ അസ്ഥിവാരം തന്നെ ഇളക്കുന്നതുകാണുമ്പോഴാണ് വള്ളിക്കാവിൽ നിന്നൊരു വിറയൽ വരുന്നത്. അതുകണ്ടാൽ സോഷ്യൽ മീഡിയ പോയിട്ട് സോഷ്യൽസ്റ്റഡീസിന്റെ ഒന്നാം പാഠം പഠിക്കുന്ന കുട്ടികൾ പേടിച്ചില്ല. കേരളത്തിലെ ദൃശ്യമാദ്ധ്യമങ്ങൾക്കടക്കം മാറ്റിവെക്കാനാവാത്ത വിധം വളരെ പെട്ടെന്നു പ്രതിഷേധം വളർന്നു. എന്നാൽ അതേവേഗത്തിൽ അവ കെട്ടടങ്ങുകയും, വീണ്ടും പൂർവ്വാധികം ശക്തിയോടെ ആത്മീയക്കച്ചവടം കെഴുക്കുകയും ചെയ്യുമ്പോൾ, 'ആതുരസേവന'ത്തിന്റെ രാഷ്ട്രീയവസ്തുതകൾ വിശകലനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

### ചാരിറ്റി–പരൽമീൻ കോർത്ത് വരാലിനെപ്പിടിക്കൽ

എല്ലാ എതിർവാദങ്ങളെയും ഖണ്ഡിക്കാനായി അമൃതാനന്ദമയിയുടെ പി.ആർ.ഒകൾ ആവർത്തിച്ചുപയോഗിക്കുന്ന പരിചയാണ് 'ആതുരസേവനം'. അമൃതാനന്ദമയി ചെയ്യുന്ന പുണ്യപ്രവർത്തികൾ വേറെയാർ ചെയ്യുന്നു എന്ന ഒറ്റച്ചോദ്യത്തിൽ മറ്റെല്ലാ എതിർച്ചോദ്യവും നിഷ്പ്രഭമാവും എന്നാണ് അമൃതഭക്തരുടെ വിശ്വാസം. കെട്ടിപ്പിടിച്ചാൽ ക്യാൻസർ മാറും എന്ന വിശ്വാസത്തേക്കാളും ഒട്ടും ഭേദമല്ലാത്ത ഈ വിശ്വാസത്തെ ജനാധിപത്യവിശ്വാസികൾ പരിശോധനാവിധേയമാക്കേണ്ടതുണ്ട്.

ചാരിറ്റി വിപുലമാനങ്ങളുള്ള ഒരു രാഷ്ട്രീയപ്രവർത്തനമാണ്. അദ്ധ്വാനത്തിന്റെ ഫലമായുണ്ടാവുന്ന സമ്പത്ത് വ്യക്തികൾ സ്വരുക്കൂട്ടുകയും, അവനവന്റെ ആവശ്യങ്ങൾക്കപ്പുറമുള്ള സമ്പത്ത് നിക്ഷേപങ്ങളായി കരുതിവെക്കുകയും ചെയ്യുന്നതിൽ നിന്ന് വിഭിന്നമായി, അദ്ധ്വാനഫലമായ സമ്പത്തിൽ നിന്ന് നിശ്ചിതഭാഗം സാമ്പത്തികശേഷിയില്ലായ്മ കൊണ്ട് അവശത അനുഭവിക്കുന്നവർക്കായി നൽകുന്ന ഉന്നത മാനവികബോധത്തിൽ നിന്നാണ് ചാരിറ്റി ഉണ്ടാവുന്നത്. 'അവനവനിസ'ത്തെ നിരസിച്ചുകൊണ്ട്, മനുഷ്യത്വത്തെ ഉയർന്ന രൂപത്തെ മനുഷ്യൻ പ്രാപിക്കുന്ന ഈ അവസ്ഥ മൂലധനത്തിന്റെ കേന്ദ്രീകരണത്തെ വൈയക്തികതലത്തിൽ മനുഷ്യൻ നേരിടുന്ന മഹത്തായ ഉപാധികളിലൊന്നാണ്. ചാരിറ്റിക്ക് പ്രധാനമായും നാല് അവസ്ഥകളുണ്ട്.

**1. യാചക സേവനം** – ഭിക്ഷാടനം നടത്തി ജീവിക്കുന്നവരെ നാം ലോകമെങ്ങും കാണുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള ശാരീരികവൈകല്യങ്ങൾ കൊണ്ടോ, മറ്റെന്തെങ്കിലും വിധത്തിലുള്ള ജീവിതശൈഥില്യം കൊ

ണ്ടോ അദ്ധ്വാനിച്ചു വരുമാനമുണ്ടാക്കി ജീവിക്കാൻ കഴിയാത്തവർ യാചിക്കാൻ തുടങ്ങുന്നു. വരുമാനമുണ്ടാക്കി ജീവിക്കുന്നവർ അലിവുതോന്നി അവർക്കു പണം നൽകുന്നു. യാചകരുടെ അവകാശം ലോകത്തെമ്പാടും അനേകം ചർച്ചകൾക്കു വിധേയമാക്കപ്പെട്ടിട്ടുണ്ട്. യാചകനിരോധനമേഖലകൾ തന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ജീവിക്കാൻ നിവൃത്തിയില്ലാത്ത ഒരു മനുഷ്യജീവി മറ്റൊരു മനുഷ്യജീവിക്കു മുന്നിൽ കൈനീട്ടുകയും രണ്ടാം മനുഷ്യജീവി ഒന്നാമനു സ്വസമ്മതപ്രകാരം പണം നൽകുന്നതും തടയുന്നതിലെ മനുഷ്യാവകാശപ്രശ്നങ്ങൾ നിരവധി സംവാദങ്ങൾക്കു വിഷയമായതാണ്. എന്തായാലും ഈ ചാരിറ്റി മിക്കപ്പോഴും 'സ്പൊണ്ടേനിയസ്'ആയ പ്രവർത്തനമാണ്. അനവധി കള്ളനാണയങ്ങളും അവയുടെ വാണിജ്യവും ഈ ചാരിറ്റിയിൽ റിപ്പോർട്ട് ചെയ്യപ്പെടുമ്പൊഴും ഏറ്റവും വിപുലമായി നടക്കുന്ന ചാരിറ്റി പ്രവർത്തനമാണ് യാചകവൃത്തി.

തങ്ങളുടെ ഒരു ഉൽപ്പന്നത്തെ കച്ചവടം ചെയ്തുകിട്ടുന്ന പണത്തിൽ നിന്ന് നിശ്ചിത ശതമാനം മുതലാളിത്തത്തെ അനുകൂലിക്കുന്ന 'ചാരിറ്റി'യിലേക്കിറക്കി അതിന്റെ അനേകമിരട്ടി ശതമാനം തിരികെ ലാഭം കൊയ്യുന്ന ഏർപ്പാടാണ് മുതലാളിത്ത സേവനം

**2. അദ്ധ്വാനപ്പങ്ക് സേവനം** – പണിയെടുത്ത് ജീവിക്കുന്ന സമൂഹത്തെ പലതായി തരംതിരിച്ചു കാണുന്ന പരികൽപ്പനകളുണ്ട്. അവയവിടെ നിൽക്കട്ടെ. പണിയെടുക്കന്നവൻ/ അവൾ അവരുടെ അദ്ധ്വാനവരുമാനത്തിൽ നിന്ന് നിശ്ചിത പങ്ക് പണിയെടുത്തു ജീവിക്കാൻ കഴിയാത്ത അവശരോ കുട്ടികളോ വൃദ്ധരോ ആയവർക്കുവേണ്ടി മാറ്റിവെച്ചു നൽകുന്ന ചാരിറ്റി പ്രവർത്തനങ്ങൾ നൂറ്റാണ്ടുകളായി സമൂഹത്തിലുണ്ട്. മാനവികതയുടെ മഹത്തരമായ ഈ മൂല്യത്തെ മിക്ക പ്രഖ്യാപിത മതങ്ങളും പലതരത്തിൽ അവയുടെ പ്രവർത്തനത്തിൽ ഉൾച്ചേർത്തിട്ടുമുണ്ട്. ഇസ്ലാം മതവിശ്വാസികൾ നൽകുന്ന 'സക്കാത്ത്', ഹിന്ദുക്കൾ നൽകുന്ന അന്നദാനങ്ങൾ, ക്രിസ്ത്യാനികൾ നൽകുന്ന ദാനങ്ങൾ എന്നിവയെല്ലാം അനേകകാലമായി നടക്കുന്നതാണ്. 'ദാനത്തിനു പകരമായി പുണ്യം' എന്ന വിശ്വാസത്തിന്റെ പുറത്താണെങ്കിലും നേരിട്ടുതന്നെ അനേകം വിശ്വാസികൾ അനേകകാലമായി ഈ പ്രവർത്തനങ്ങൾ നടത്തുന്നു. എന്നാൽ ഇവക്കെല്ലാം പുറത്ത് മാനവികതയുടെ വെളിച്ചം ഒന്നുകൊണ്ടുമാത്രം ഇത്തരം ചാരിറ്റി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അനേകായിരം മനുഷ്യർ എന്നും ലോകത്തുണ്ട്. അവർ ഓരോ സമൂഹത്തിലും സംഘം ചേരുകയും തങ്ങളാലാവുന്ന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും, അങ്ങനെ 'പലതുള്ളി പെരുവെള്ള'മായി മാറുകയും ചെയ്യുന്ന പ്രതിഭാസം ചാരിറ്റിയുടെ ഏറ്റവും തിളക്കമുള്ള അദ്ധ്യായമാണ്. മലയാളം ഇന്റർനെറ്റ് സോഷ്യൽ മീഡിയയിൽ തന്നെ നടക്കുന്ന 'ബൂലോകകാരുണ്യം', 'സ്നേഹജ്വാല' തുടങ്ങിയ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ഈ പലതുള്ളികളിൽ ഉൾപ്പെടുന്നു.

**3. മുതലാളിത്ത സേവനം** – പണം അമിതമായി സ്വരുക്കൂട്ടിവെച്ച് 'മുതലാളി'യായി മാറുമ്പോൾ ഇനിയൽപ്പം ചാരിറ്റിയാവാം എന്ന തോന്നലുമായി ഇറങ്ങുന്ന ബഹുരാഷ്ട്ര കമ്പനികളെയും വ്യക്തികളെയും കണ്ടുകാണുമല്ലോ. ഇവരുടെ സേവനം ഏറെ ബൃഹത്തായതും വലിയ തോതിൽ ജനോപകാരപ്രദവുമാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ വാസ്തവത്തിൽ നടക്കുന്നത്, അന്നുവരെ സ്വരുക്കൂട്ടിയ സ്വത്തിന്റെ നിശ്ചിതശതമാനത്തെ ഉപയോഗിച്ചു നടക്കുന്ന കുറേക്കൂടി ബുദ്ധിപരമായ ഒരു കച്ചവടമാണ്. ഉദാഹരണത്തിന്, ചാരിറ്റി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നികുതിയിൽ സർക്കാർ ഇളവുകൊടുക്കുന്നു. അവരുടെ പണം ജനനന്മക്കായി ചിലവഴിക്കുന്നതിനെ മുൻനിർത്തിയാണ് ഇളവു നൽകുന്നത്. എന്നാൽ, ഈ ഇളവിനെ മുതലാക്കിക്കൊണ്ട്, ചാരിറ്റിപ്രവർത്തനത്തെ നിയന്ത്രിക്കാനായി ഓരോ കമ്പനിയും പ്രത്യേകം ഔദ്യോഗിക സംഘങ്ങളെ നിയോഗിച്ച് 'ചാരിറ്റി'യിളവിനെ മുതലാക്കി മാറ്റുന്നു. ഒറ്റക്കാര്യം ശ്രദ്ധിക്കുക – ആഗോളവൽക്കരണത്തെ എതിർക്കുന്ന ചാരിറ്റി പ്രവർത്തനങ്ങളുണ്ടല്ലോ, അത്തരം പരിസ്ഥിതിപ്രവർത്തനമാവട്ടെ, സ്ത്രീപ്രവർത്തനമാവട്ടെ – ഒന്നിനും ഈ 'ചാരിറ്റി' ലഭ്യമാവുകയില്ല. ആഗോളവൽക്കരണത്തെ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നവർക്കാണ് ഈ 'ചാരിറ്റി' വൻതോതിൽ ലഭ്യമാവുക. അതായത്, തങ്ങളുടെ ഒരു ഉൽപ്പന്നത്തെ കച്ചവടം ചെയ്തുകിട്ടുന്ന പണത്തിൽ നിന്ന് നിശ്ചിത ശതമാനം മുതലാളിത്തത്തെ അനുകൂലിക്കുന്ന 'ചാരിറ്റി'യിലേക്കിറക്കി അതിന്റെ അനേകമിരട്ടി ശതമാനം തിരികെ ലാഭം കൊയ്യുന്ന

ഏർപ്പാടാണ് മുതലാളിത്ത സേവനം.

**4. ആത്മീയ സേവനം** – ഇവിടെയാണ് ഇപ്പോൾ ആപ്പിലായിരിക്കുന്ന 'അമ്മ'ദൈവമടക്കമുള്ളവരുടെ 'ചാരിറ്റി' പ്രവർത്തനങ്ങൾ വരുന്നത്. മുതലാളിത്ത സേവനം പോലെത്തന്നെ പ്രത്യക്ഷത്തിൽ ഏറെ ബൃഹത്തും ജനോപകാരപ്രദവുമാണെന്ന ഇമേജ് ഈ ചാരിറ്റിക്കുണ്ട്. സൂക്ഷ്മത്തിൽ മുതലാളിത്ത ചാരിറ്റിയുമായി ഒറ്റവ്യത്യാസമേ ഈ ചാരിറ്റിക്കുള്ളൂ – ഒരു മൂർത്തമായ ഉൽപ്പന്നം വിറ്റുകിട്ടുന്ന പണം വെച്ചല്ല ഈ ചാരിറ്റി നടക്കുന്നത്. അമൂർത്തമായ 'ശാന്തി' എന്ന ഉൽപ്പന്നമാണ് ഈ ചാരിറ്റിക്കുള്ളത്. വള്ളിക്കാവിലമ്മയെ നോക്കാം – അമ്മ കെട്ടിപ്പിടിക്കുന്നു, ഉമ്മ വെക്കുന്നു, പാട്ടുപാടുന്നു, നന്നായി ജീവിക്കാനുള്ള തത്ത്വോപദേശം നടത്തുന്നു – ഇതെല്ലാം കൂടിയ പാക്കേജിനാണ് ഈ 'ശാന്തി' എന്നുപറയുന്നത്. ഈ 'ശാന്തി' നേടി മടങ്ങുന്ന ഓരോ ഭക്തനും കാണിക്കയായി പണം നൽകുന്നു. അതു ചെറുതാവാം, വലുതാവാം. കൃത്യമായ കണക്കും കയ്യുമില്ലാത്ത ബൃഹത്തായ മൂലധനം അങ്ങനെ സ്വരൂപിക്കപ്പെടുന്നു. അതിൽ നിന്നു കുറച്ചു പണം വെച്ചാണ് 'ചാരിറ്റി' നടത്തുന്നത്. ലക്ഷ്യം മുതലാളിത്ത സേവനത്തിന്റേതുതന്നെ. ഈ 'ചാരിറ്റി' ആണ് ബാക്കി എല്ലാ നിയമവിരുദ്ധവും ദുരൂഹവുമായ പ്രവർത്തനങ്ങൾക്കുള്ള പരിച. അതോടൊപ്പം 'അമ്മ പാവങ്ങളെ സഹായിക്കുന്നു' എന്ന ഇമേജുവെച്ച് ഭക്തരുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള ഒന്നാന്തരം ആയുധവും 'ചാരിറ്റി' തന്നെ. ഭീഷണമായ രണ്ടാം യാഥാർത്ഥ്യം, ഈ ചാരിറ്റിയുടെ കണക്കുകളടക്കം അജ്ഞാതമാണ് എന്നതാണ്. മനുഷ്യനു സ്വയമുണ്ടാവേണ്ട 'ശാന്തി' എന്ന അനുഭവത്തെ ഉൽപ്പന്നമാക്കി പരിവർത്തിപ്പിക്കുന്ന തന്ത്രം ആത്മീയക്കച്ചവടക്കാരെപ്പോലെ ആരും വികസിപ്പിച്ചിട്ടില്ല. ഉദാഹരണത്തിന് ഒരാൾ ക്യാൻസർ വന്ന് അമ്മയുടെ അടുത്തു പോകുന്നു. അമ്മ കെട്ടിപ്പിടിക്കുന്നു, ഉമ്മവെക്കുന്നു, 'ഒന്നും പേടിക്കണ്ട മോനേ' എന്ന ആശ്വാസവാക്കും നൽകുന്നു. അതേ ക്യാൻസറുമായി മോൻ വീട്ടിലേക്കു മടങ്ങുന്നു. കുറച്ചുദിവസം കഴിഞ്ഞ് രോഗം കൂടുന്നു. ഒന്നും പേടിക്കാനില്ല, അമ്മയുടെ സ്വന്തം ആശുപത്രിയുണ്ട്. അവിടെ ചെന്നാൽ 'ഡിസ്കൗണ്ട് റേറ്റിൽ' ചികിൽസ കിട്ടും. അമ്പതുരൂപക്ക് അപ്പുറത്തെക്കടയിൽ ഉള്ളി വിൽക്കുമ്പോൾ ഇപ്പുറത്തെക്കടയിൽ നാൽപ്പത്തിയൊമ്പത് രൂപക്ക് വിൽക്കുന്ന 'മഹാകാരുണ്യം' ഏറ്റുവാങ്ങാം.



ഇനി പറയൂ, ഈ 'ചാരിറ്റി'യിൽ എന്താണ് വള്ളിക്കാവിലമ്മക്ക് അഭിമാനിക്കാനുള്ളത്? അദ്ധ്വാനത്തിന്റെ പങ്കിൽ നിന്ന് മാനവികതയുടെ ആർജ്ജവം കൊണ്ട് നൂറുരൂപവരുമാനക്കാരൻ പത്തുരൂപ നിരാശ്രയർക്കു നൽക്കുന്നതിൽ നിന്ന് ഈ ചാരിറ്റി എത്ര ദൂരെ നിൽക്കുന്നു? ആത്മീയക്കച്ചവടത്തിന്റെ മൈലേജ് കൂട്ടാനായി നടക്കുന്ന 'സ്മോൾ സ്കെയിൽ ചാരിറ്റിക്കച്ചവടം' എന്ന ന്യായം എന്തുതരം അസംബന്ധന്യായമാണ്? വലിയ വരാലിനെപ്പിടിക്കാൻ കൂടയിലുള്ള ചെറിയ പരൽമീനിനെ കോർത്തിടുന്ന പണിയുടെ പേരല്ല ചാരിറ്റി. ആ ന്യായം വിശ്വസിക്കാൻ 'അമ്മ' തൊട്ട പച്ചവെള്ളം പഞ്ചാമൃതമായ കഥ വിശ്വസിക്കുന്ന ഭക്തരെ മാത്രമേ കിട്ടൂ.

## മാതൃരൂപത്തിന്റെ പ്രത്യയശാസ്ത്രം

ഇന്ത്യയിലെ സന്യാസസമൂഹം പ്രധാനമായും രണ്ടുതരമാണ്. സർവ്വസംഗപരിത്യാഗികളായി, ബ്രഹ്മജ്ഞാനം നേടാനായി ഹിമാലയം പോലുള്ള വിജനസ്ഥലങ്ങളിൽ തപസ്സും പ്രാർത്ഥനയുമായിരിക്കുന്നവരാണ് ഒരു കൂട്ടം. ജ്ഞാനം അവനവന്റെ തലയിൽ ടോർച്ചടിക്കേണ്ടതാണ് എന്ന ബോദ്ധ്യം കൊണ്ട് അവർ തപശ്ചര്യകളുമായി കഴിയാറേ ഉള്ളൂ. മോക്ഷവും ദൈവപ്രാപ്തിയും വരെ ലക്ഷ്യഫലങ്ങളാണ്. അവ ആഗ്രഹിച്ചുള്ള ത്യാഗം പോലും അവർക്കു പരിത്യാഗമാകുന്നില്ല. രണ്ടാമത്തെ കൂട്ടർ, താൻ നേടിയ ആജ്ഞേയവും ദുർഗ്രഹവുമായ ആത്മജ്ഞാനം പൊതുജനസാമാന്യത്തിലേക്ക് പകരാനായി സമൂഹത്തിലേക്കിറങ്ങുന്നു. നവോദ്ഥാനഘട്ടത്തിൽ സമൂഹത്തിന്റെ ദുരാചാരങ്ങളെ നിർവീര്യമാ

ക്കിയതു മുതൽ അനേകം നന്മകളിൽ ഈ സംഘത്തിന്റെ പങ്കുണ്ട്. വിവേകാനന്ദൻ, ചട്ടമ്പിസ്വാമികൾ, നാരായണഗുരു തുടങ്ങിയ അനേകം വ്യക്തികളുടെ ധൈഷണികവും ക്രിയാത്മകവുമായ ഇടപെടലുകളുടെ ചരിത്രം നമുക്കു മുന്നിലുണ്ട്. ആത്മീയ വിചാരധാരകളെ മാനിക്കാതെ തന്നെ, മേൽപ്പറഞ്ഞവരിൽ തുടങ്ങി അനേകരുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ പ്രയാണത്തെ ഗുണപരമായി സ്വാധീനിച്ചത് നമുക്കു മനസ്സിലാക്കാനാവും.

അവരുടെ നിരയിലേക്കാണ്, സുധാമണി എന്ന പൂർവ്വാശ്രമനാമമുള്ള മാതാ അമൃതാനന്ദമയി എന്ന അമ്മയെ പലരും എടുത്തുവെക്കുന്നത്. ഭക്തരാണെങ്കിൽ, അവരാരേക്കാളും മുകളിലും 'അമ്മ'യെ പ്രതിഷ്ഠിക്കുന്നു. ഹൈന്ദവികതയുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് സർവ്വമതങ്ങളെയും ഗ്രസിക്കുന്ന മഹാകാരുണ്യമൂർത്തിയായി 'അമ്മ' വാഴ്ത്തപ്പെടുന്നു. അമ്മയുടെ ഫിലോസഫി പരിശോധിക്കപ്പെടേണ്ടത് ഈ അന്തരീക്ഷത്തിലാണ്. അമൃതാനന്ദമയി സംസാരിക്കുമ്പോൾ മേൽപ്പറഞ്ഞ ആരുടേയും ധൈഷണികതയുടെ അരികുമൂലകൾ പോലും സ്പർശിക്കാറില്ല. 'മക്കളേ, നന്നായി ജീവിക്കണം, പരോപകാരം ചെയ്യണം, ദുരാഗ്രഹം പാടില്ല, കുട്ടികളെ നന്നായി നോക്കണം, വയസ്സായവരെ ശുശ്രൂഷിക്കണം' എന്നിങ്ങനെ ലോകോക്തികൾ കൊണ്ട് സംസാരിച്ചുതീർക്കുന്ന 'മാതൃവാണി'യിൽ നിന്ന് തലയിൽ ആൾത്താമസമുള്ള ആർക്കും ഒന്നും കിട്ടാനുമില്ല. അമ്മയുടെ പ്രത്യയശാസ്ത്രം അതിൽ നിന്നു തിരിഞ്ഞുകിട്ടാനുമില്ല. അതു നിൽക്കുന്നത് ഹൈന്ദവികതയുടെ മതാത്മകസങ്കൽപ്പനത്തിലാണ്.

പതിനാലാം നൂറ്റാണ്ടോടെ ഭക്തിപ്രസ്ഥാനത്തിന്റെ വ്യാപനമുണ്ടാകും വരെയും ഇന്ത്യയിൽ പലതരം ചിന്താപദ്ധതികളായി നിലനിന്ന ഹൈന്ദവതത്വചിന്തയിൽ ഈശ്വരചിന്തയും നിരീശ്വരചിന്തയുമുണ്ടായിരുന്നു. ഏകദൈവവിശ്വാസികളും ബഹുദൈവവിശ്വാസികളും നാസ്തികരുമുണ്ടായിരുന്നു. ക്രമേണ ആചാരാനുഷ്ഠാനങ്ങൾ ശക്തിയാർജ്ജിച്ചു, ബഹുദൈവവിശ്വാസത്തിന്റെ പ്രകടനങ്ങൾക്കുള്ള വേദിയും സംഘടിതരൂപവുമായി ഹൈന്ദവികത രൂപം പ്രാപിച്ചു. ആ ഹൈന്ദവികതയുടെ പേരാണ് നാമിന്നു വിവക്ഷിക്കുന്ന 'ഹിന്ദുമതം'. ബഹുദൈവവിശ്വാസികൾ മാത്രമാണ് ഈശ്വരഭക്തിപ്രകടനത്തിന് ക്ഷേത്രത്തെ ആശ്രയിക്കുന്നത്. ഇതിഹാസസാഹിത്യത്തിലെ കഥാപാത്രങ്ങളെല്ലാം ക്രമേണ ദൈവങ്ങളായി. കൃഷ്ണനും രാമനും ശിവനും വിഷ്ണുവിനും അമ്പലങ്ങളോട് അമ്പലങ്ങളും അതാതിനു പ്രത്യേകഭക്തസമൂഹവും അതാതുദൈവങ്ങൾക്ക് പ്രത്യേക ആചാരാനുഷ്ഠാനക്രമവും രൂപപ്പെട്ടു. ക്രമേണ, അടിസ്ഥാനപരമായ എല്ലാ ഫിലോസഫിയും ചോർന്നുപോവുകയും ആചാരാനുഷ്ഠാനങ്ങൾ അവയുടെ സ്ഥാനം പിടിച്ചെടുക്കുകയും ചെയ്തു.

ഈ ജീർണാവസ്ഥയുടെ ഉൽപ്പന്നമാണ് അമൃതാനന്ദമയി എന്ന 'അമ്മദൈവം'. എല്ലാ ഫിലോസഫിയും ചോർന്ന്, അനേകം ആചാരങ്ങളിലൂടെ ജീവിക്കുന്ന ഒരു സമൂഹത്തിലേക്കാണ് പ്രത്യേകവേഷം ധരിച്ച് 'കൃഷ്ണഭാവ'വും 'ദേവീഭാവ'വും കൈക്കൊള്ളുന്ന 'അമ്മ'യായി അമൃതാനന്ദമയി അവതരിച്ചത്. ദിവ്യത്വത്തിനാവശ്യമായ പൊടിക്കൈകളും ഉപജാപങ്ങളും ചേർന്നു വളർന്ന ഈ മാതൃരൂപമാണ് നാമിന്നു കാണുന്ന, സർവ്വമാദ്ധ്യമങ്ങളെയും അധികാരവ്യവസ്ഥയേയും സ്വാധീനിക്കാൻ പോന്ന ശക്തിയായി വളർന്നത്.

### അന്വേഷണമില്ലാത്ത ദുരൂഹപരമ്പര

അമൃതാനന്ദമയിയുടെ സർവ്വലോകസ്നേഹം, സമഭാവന, കാരുണ്യം, ശാന്തി തുടങ്ങിയ എല്ലാ മൂല്യങ്ങളും കപ്പലുകയറുന്നതിന്റെ ഒന്നാം കാരണം 'സുതാര്യത' എന്ന ഒറ്റ മൂല്യം ഇല്ല എന്നതുകൊണ്ടാണ്. അമൃതാനന്ദമയീമഠത്തിന് ആശുപത്രികളും ലോകത്തെമ്പാടുമുള്ള ആശ്രമങ്ങളും നിക്ഷേപങ്ങളുമടക്കം എത്ര രൂപയുടെ ആസ്തിയുണ്ട് എന്ന മേജർ ചോദ്യം മുതൽ നടത്തിയ 'ചാരിറ്റി' കലാപരിപാടികളെപ്പറ്റിയുള്ള ഉത്തരങ്ങൾ വരെ 'മുനികളുടെ മൗന'മാണ്. പക്ഷേ ചോദ്യങ്ങൾ അവിടെ അവസാനിക്കുന്നില്ല. സഹോദരന്റെ ദുരൂഹമരണം മുതൽ അനേകം മരണങ്ങളെപ്പറ്റിയുള്ള ആരോപണങ്ങൾ വരെ വള്ളിക്കാവിനെ ചൂഴ്ന്നുനിൽക്കുന്നു.

ഏറ്റവുമവസാനം, സത്നാം സിംഗ് എന്ന മനോരോഗിയായൊരു ചെറുപ്പക്കാരൻ അമൃതാനന്ദമയിക്കു മുന്നിൽ പിടഞ്ഞുവീണത് ഓർക്കുക. പിന്നീട് ദുരൂഹസാഹചര്യത്തിൽ സത്നാം മരണപ്പെട്ടു. അമൃതാനന്ദമയീമഠത്തിനു പങ്കുണ്ടോ ഇല്ലേ എന്ന അന്വേഷണം തന്നെ പ്രഹസനമായത് ഒരുവശം, എന്നാൽ, ലോകകാരുണ്യവും യേശുദേവന്റെ വരെ നന്മയും പ്രസംഗിക്കുന്ന ഈ 'അമ്മ', തന്റെ മുന്നിൽ വീണുപോയ ആ ചെറുപ്പക്കാരൻ പിന്നീടു ദയനീയമായി മരണപ്പെട്ടിട്ട് സത്നാമിന്റെ വീട്ടുകാരെ ഒന്നു കണ്ടോ? പോട്ടെ, ഏതെങ്കിലും പ്രതിനിധികളെങ്കിലും ചെന്നുകണ്ടോ? ഇല്ല. നല്ല നൂറു

**ഉമ്മൻ ചാണ്ടി ന്യായീകരിച്ചു**

അമൃതാനന്ദമയി മഠത്തിന്റെ സേവനങ്ങൾ മറക്കരുത് എന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. മഠം സമൂഹത്തിന് ചെയ്യുന്ന സേവനങ്ങളാണ് പ്രധാനം. മഠത്തിന്റെ സേവനങ്ങൾ കണ്ടില്ലെന്ന് നടിക്കാനാവില്ല. സുനാമി കാലത്ത് ഉൾപ്പടെ അവർ ചെയ്ത സേവനങ്ങളുമായി സഹകരിക്കുകയും പങ്കാളിയാകുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ അവർ ചെയ്ത സേവനങ്ങൾ ഓർക്കണം.ആരുടെയെങ്കിലും വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ മഠത്തെ വിമർശിക്കരുത്.

## സത്നംസിംഗ് കേസ്: അന്വേഷണം കാര്യക്ഷമമല്ലെന്ന് അറിയിച്ച പ്ലീഡറെ മാറ്റി

**ബീഹാർ** സ്വദേശി സത്നാം സിങ്ങിൻെറ മരണവുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണം പൂർണമല്ലെന്ന് കോടതിയെ അറിയിച്ച ഗവ. പ്ലീഡറെ കേസിൽ ഹാജരാകുന്നതിൽ നിന്ന് മാറ്റി. സത്നാം സിങ്ങിൻെറ മരണം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം പ്രഹസനമാണെന്നും സ്വതന്ത്ര ഏജൻസിയായ സി.ബി.ഐക്ക് അന്വേഷണം കൈമാറണമെന്നുമാവശ്യപ്പെട്ട് പിതാവ് ഹരീന്ദ്രകുമാർ സിങ് നൽകിയ ഹരജിയാണ് കോടതിയുടെ പരിഗണനക്കെത്തിയത്. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ സത്നാം സിങ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സംസ്ഥാന സർക്കാറിനു വേണ്ടി ഹാജരായ ഗവ. പ്ലീഡർ എൻ. സുരേഷ് കോടതിയെ അറിയിച്ചിരുന്നു.

2014 ഏപ്രിൽ 8ന് ഈ കേസ് പരിഗണനക്കെടുത്തപ്പോൾ പകരം ഹാജരായ ഗവ. പ്ലീഡറുടെ അഭ്യർഥന മാനിച്ച് കേസ് വേനലവധിക്ക് ശേഷം പരിഗണിക്കാൻ ജസ്റ്റിസ് കെ. രാമകൃഷ്ണൻ മാറ്റി. കോടതി നിർദേശപ്രകാരം സുരേഷ് തയ്യാറാക്കിയ വിശദീകരണവും സർക്കാർ അന്ന് സമർപ്പിച്ചു. സത്നാം സിങ്ങിൻെറ മരണകാരണം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാരും സഹതടവുകാരും തമ്മിലുണ്ടായ സംഘർഷത്തിലേറ്റ പരിക്കാണെന്ന നിലപാടാണ് വിശദീകരണത്തിലുള്ളത്. 77 മുറിവുകൾ മൃതദേഹത്തിലുണ്ടായിരുന്നു. ഇത് മരണത്തിന് 24 മണിക്കൂർ മുമ്പുണ്ടായതാണ്. അതേസമയം, കരുനാഗപ്പള്ളി പൊലീസ് രജിസ്റ്റർ ചെയ്ത കേസ് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷിച്ചിട്ടില്ലെന്ന് ഈ വിശദീകരണത്തിലും പറയുന്നുണ്ട്. സുരേഷ് കോടതിയിൽ വാക്കാൽ നൽകിയ വിശദീകരണത്തിന് വിരുദ്ധമാണ് ഏപ്രിൽ 8ന് സർക്കാർ രേഖാമൂലം നൽകിയ വിശദീകരണം. കേസ് ഡയറി മുഴുവൻ പരിശോധിച്ചതിൽ നിന്ന് അന്വേഷണത്തിൽ വീഴ്ച പറ്റിയതായും കരുനാഗപ്പള്ളി കേസിൽ അന്വേഷണം നടക്കാത്തതിനാൽ ഇതിൻെറ തുടർച്ചയായാണോ മരണം സംഭവിച്ചതെന്ന് കണ്ടെത്താനായിട്ടില്ലെന്നുമായിരുന്നു സുരേഷ് വാക്കാൽ നൽകിയ വിശദീകരണം. മാനസികാസ്വാസ്ഥ്യമുണ്ടായിരുന്ന സത്നാം സിങ്ങിനെ ജയിലിൽ പാർപ്പിച്ച രീതിയിൽ അസ്വാഭാവികതയുണ്ട്. ഇക്കാര്യത്തിൽ വേണ്ട അന്വേഷണം നടന്നതായി കാണുന്നില്ല. പൂജപ്പുര സെൻട്രൽ ജയിലിലെ ക്രിമിനലുകളായ മൂന്നു പേർക്കൊപ്പം മുണ്ടുമാത്രം ധരിപ്പിച്ച് സത്നാമിനെ താമസിപ്പിക്കുകയായിരുന്നു. ഇതിന് പിന്നിൽ ഗൂഢാലോചനയുണ്ടോയെന്നത് കണ്ടെത്തേണ്ടതുണ്ട്. ക്രൈംബ്രാഞ്ച് തുടരന്വേഷണം നടത്തുന്നതിലൂടെ ഫലം കാണാനാകുമെന്ന് കരുതാനാകാത്തതിനാൽ, മറ്റേതെങ്കിലും ഏജൻസിയുടെ പുനരന്വേഷണമാണ് ഇക്കാര്യത്തിൽ വേണ്ടതെന്നുമാണ് സുരേഷ് കോടതിയെ അറിയിച്ചിരുന്നത്. *(മാധ്യമം)*

കുഞ്ഞാടുകളെ വിട്ട് മുടന്തനായ ഒരു കുഞ്ഞാടിനെ തിരഞ്ഞുപോവുന്ന നല്ല ആട്ടിടയന്റെ കഥയടക്കം പ്രസംഗിക്കുന്ന 'അമ്മ' തന്റെ മുന്നിൽ വീണ ആ കുഞ്ഞാട് മരിച്ചുപോയിട്ട് തിരിഞ്ഞുനോക്കിയോ? ഒരു വാക്ക് മിണ്ടിയോ? ഈ മൗനത്തിന്റെ പേരാണോ 'മുനിയുടെ മൗനം'?

അവസാനമായി, ഇരുപതുവർഷം 'അമ്മ'യുടെ സന്തതസഹചാരിണിയായ ഗെയിൽ ട്രെഡ്വലിന്റെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ എല്ലാ പരിധികളെയും ഉല്ലംഘിക്കുന്നു. ലൈംഗികാരോപണങ്ങൾ മുതൽ സ്വർണവും പണവും കുമിഞ്ഞുകൂടിയ അമൃതാനന്ദമഠത്തിന്റെ വിവരണം വരെ നീളുന്ന ട്രെഡ്വലിന്റെ ആഖ്യാനം, ഒരു ജനാധിപത്യ രാജ്യത്തിൽ നടന്നതെങ്കിൽ നാം ജീവിക്കുന്നത് എത്രമേൽ ഭീകരമായൊരു വ്യവസ്ഥയിലാണ്! പുസ്തകത്തിലെ ശരിതെറ്റുകൾ അന്വേഷിക്കാൻ ഇന്നുവരെ ഭരണകൂടം തയ്യാറാവാത്തതുകൂടി ചേർത്തുവായിച്ചാൽ, നാമെത്തിപ്പെട്ടിരിക്കുന്ന അവസ്ഥ നട്ടെല്ലുപണയം വെക്കാത്ത ഓരോ മനുഷ്യനേയും ലജ്ജിപ്പിക്കുന്നതാണ്. ഇനി അമൃതഭക്തർ പറയുന്നപോലെ ഈ പുസ്തകത്തിലെ ആരോപണങ്ങളെല്ലാം കള്ളമെന്നും കാപട്യമെന്നും വാദത്തിനു സമ്മതിക്കുക, എന്നാൽ വെട്ടിലാവുന്നത് വാസ്തവത്തിൽ ആരാണ്? അമ്മയുടെ ഒറ്റദർശനത്തിൽ കള്ളന്മാർ സന്മാർഗികളാവുന്ന അത്ഭുതവിവരണങ്ങൾ മാതൃവാണി വഴി 'അമ്മ'യുടെ പി.ആർ.ഒ കൾ എഴുതിവിട്ടുകണ്ടിട്ടുണ്ടല്ലോ. ഇരുപതുവർഷം ആ കാലുകളിൽ പാലൊഴുക്കിജീവിച്ച, ഒന്നിച്ചു പിന്തുടർന്ന ഒരു സ്ത്രീ ഇത്രയും വലിയ കാപട്യങ്ങൾ അതിനുശേഷം ആരോപണമായി എഴുതിവിടാൻ മാത്രം നമ്മയെ 'അമ്മ'യിൽ നിന്നു സ്വാംശീകരിക്കുന്നുള്ളൂ എങ്കിൽ, ഏതുതരം പച്ചവെള്ളങ്ങളെയാണ് ഈ അമ്മ പഞ്ചാമൃതമാക്കുന്നത്?

ഈ ചോദ്യങ്ങൾക്കുത്തരം തരാത്ത 'മൗന'ത്തിലേക്ക് അമ്മയും കൂട്ടാളികളും പിൻവലിയുമ്പോൾ, ആയിരമായിരം നാവുകൾ ഒന്നിച്ച് ഈ ചോദ്യങ്ങൾ ഇനിയുമിനിയും ചോദിച്ചുകൊണ്ടിരിക്കും. അധികാരവും ഭരണകൂടവും തരാത്ത നന്മയുടെ ഉത്തരങ്ങൾ വിളയിച്ചെടുക്കാൻ ആധുനികസമൂഹത്തിനു കഴിയാതിരിക്കില്ല. ■